57 (1903) വൈദ്യുതിയുടെ പ്രസരണനഷ്ടം

ശ്രീ. എൻ. അനിരുദ്ധൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ എത്ര ശതമാനം പ്രസരണനഷ്ടമുണ്ടാകുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

1998-99 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 17.75 ശതമാനമാണ് പ്രസരണ - വിതരണ നഷ്ടം. പ്രസരണ നഷ്ടം മാത്രമായി എത്രയെന്ന് കണക്കാക്കിയിട്ടില്ല.

58 (1904) ബ്രഹ്മപുരം ഡീസൽ പ്ളാന്റിന്റെ സ്ഥാപിത ശേഷി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം ഡീസൽ പ്ളാന്റിന്റെ സ്ഥാപിതശേഷി എത്രയാണ്;

(ബി) ഇത് കമ്മീഷൻ ചെയ്തശേഷം ഓരോ മാസവും സ്ഥാപിതശേഷിയുടെ എത്ര ശതമാനം വീതമാണ് ഉല്പാദിപ്പിക്കുന്നത്;

(സി) ഓരോ മാസവും ഇപ്രകാരം ഉല്പാദിപ്പിച്ച വൈദ്യുതിയുടെ വില യൂണിറ്റിന് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബ്രഹ്മപുരം ഡീസൽ പ്ളാന്റിന്റെ സ്ഥാപിത ശേഷി 106.6 മെഗാ വാട്ടാണ്.

(ബി) വിവരം അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്.+

(സി) വിവരം അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്. +

59 (1905) 33 കെ.വി. ട്രാൻസ്മിഷൻ ലൈനുകൾ

ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എ.കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് 33 കെ.വി. ട്രാൻസ്മിഷൻ ലൈനുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതുകൊണ്ടുള്ള പ്രയോജനം എന്തെല്ലാമാണ്;

(സി) മറ്റു സംസ്ഥാനങ്ങൾ 800 കെ.വി. ലൈനുകളും 1000 കെ.വി. ലൈനുകളും നിർമ്മിക്കാൻ പദ്ധതിയിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 33 കെ.വി. സബ് ട്രാൻസ്മിഷൻ ലൈനുകളും, സബ്സ്റ്റേഷനുകളും പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും ഇന്നനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം വലിയൊരളവുവരെ പരിഹരിക്കപ്പെടുന്നതാണ്. കൂടാതെ പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുവാൻ സഹായിക്കുകയും ചെയ്യും.

(സി) ഇല്ല.

60 (1907) കാറ്റിൽ നിന്നും വൈദ്യുതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. കെ.ടി കുഞ്ഞഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനം എന്നത്തേക്ക് സ്വയം പര്യാപ്തത കൈവരിക്കുമെന്നും എന്നത്തേക്ക് മിച്ച സംസ്ഥാനമാകുമെന്നും തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

രണ്ടായിരാമാണ്ടോടെ വൈദ്യുതിയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുമെന്നും, വൈദ്യുതി മിച്ച സംസ്ഥാനമാകുമെന്നും സർക്കാരിന്റെ വൈദ്യുതി നയത്തിൽ വിവക്ഷിച്ചിട്ടുണ്ട്.

61 (1909) വിദേശ പര്യടനം

ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്കിനെപ്പറ്റി പഠിക്കുന്നതിന് കാനഡയിലേക്ക് അയച്ചത് ആരെയെല്ലാം;

(ബി) ആരുടെയെല്ലാം വിദേശ സഞ്ചാരത്തിനാണ് ധനകാര്യവകുപ്പ് അനുമതി നൽകിയത്;

(സി) കാനഡയിൽ നിന്ന് എന്തെല്ലാം കാര്യങ്ങൾ പഠിക്കുവാനാണ് ഇവരെ നിയോഗിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly